# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

## വിജ്ഞാപനം

നം. 875/അഡ്മിൻ./2014/കെഎസ്ഇആർസി(i)

തീയതി, തിരുവനന്തപുരം 2016 ഫെബ്രുവരി 10

2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) 91-ാം വകുപ്പ് 181-ാം വകുപ്പുമായി കൂട്ടിവായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങളും ഇതിലേക്ക് അതിനെ പ്രാപ്തമാക്കുന്ന മറ്റെല്ലാ അധികാരങ്ങളും വിനിയോഗിച്ച് കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനു ശേഷവും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, ഇതിനാൽ താഴെപ്പറയുന്ന റഗുലേഷനുകൾ ഉണ്ടാക്കുന്നു, അതായത്:-

# 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവന വ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ

## അദ്ധ്യായം I

## സാമാന്യം

1. ***ചുരുക്കപ്പേരും പ്രാരംഭവും.***- (1) ഈ റഗുലേഷനുകൾക്ക് 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ എന്ന് പേര് പറയാവുന്നതാണ്.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ***ബാധകത.***- ഇവ കമ്മീഷനിലെ റഗുലർ സർവീസിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും ബാധകമാകുന്നതാണ്.

3. ***നിർവചനങ്ങൾ.***- (1) ഈ റഗുലേഷനുകളിൽ വിഷയത്തിനോ സന്ദർഭത്തിനോ എന്തെങ്കിലും വിരുദ്ധമല്ലാത്തപക്ഷം,-

(എ) 'ആക്റ്റ്' എന്നാൽ അതതു സമയം ഭേദഗതിചെയ്ത പ്രകാരമുള്ള 2003 -ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) 'അപ്പീലധികാരസ്ഥാനം' എന്നാൽ ശിക്ഷണാധികാരസ്ഥാനത്തിന്റെ ഉത്തരവുകളിൽനിന്നുള്ള അപ്പീലുകൾ കേൾക്കാനും തീർപ്പാക്കാനും ഈ റഗുലേഷനുകൾ പ്രകാരം സ്ഥാനനിർദ്ദേശംചെയ്യപ്പെട്ട അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(സി) 'നിയമനാധികാരസ്ഥാനം' എന്നാൽ കമ്മീഷനിലെ ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും നിയമിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഡി) 'ഡെപ്യൂട്ടേഷനിലുള്ള നിയമനം' എന്നാൽ കമ്മീഷനിലെ ഒരു തസ്തികയിലേക്ക് കേന്ദ്രസർക്കാരിലെയോ സംസ്ഥാനസർക്കാരിലെയോ പൊതുമേഖലാസ്ഥാപനത്തിലെയോ സ്വയംഭരണസ്ഥാപനത്തിലെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ മറ്റു ജീവനക്കാരന്റെയോ നിയമനം എന്നർത്ഥമാകുന്നു;

(ഇ) 'കേന്ദ്രസർക്കാർ' എന്നാൽ ഭാരതസർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) 'ചെയർപേഴ്സൺ' എന്നാൽ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ജി) 'കമ്മീഷൻ' എന്നാൽ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അതിന്റെ ചെയർപേഴ്സണും അംഗങ്ങളും ഉൾപ്പെടെ എന്നർത്ഥമാകുന്നു;

(എച്ച്) 'നേരിട്ടുള്ള റിക്രൂട്ട്മെന്റ്' എന്നാൽ കമ്മീഷനിലെ ഒരു തസ്തികയിലേക്ക് നേരിട്ടു നടത്തുന്ന ഏതെങ്കിലും നിയമനം എന്നർത്ഥമാകുന്നു;

(ഐ) 'ശിക്ഷണാധികാരസ്ഥാനം' എന്നാൽ ഈ റഗുലേഷനുകളിലെ III- ാം പട്ടികയിൽ കൊടുത്തിരിക്കുന്നപ്രകാരം കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കുമെതിരെ ശിക്ഷണനടപടി സ്വീകരിക്കാൻ കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ജെ) 'അംഗം' എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നു;

(കെ) 'കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും' എന്നാൽ കമ്മീഷന്റെ ഭരണപരവും മേൽനോട്ടപരവുമായ നിയന്ത്രണത്തിൻകീഴിലുള്ള കമ്മീഷന്റെ ഓഫീസിലെയും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസിലെയും അപ്രകാരമുള്ള മറ്റ് ഓഫീസുകൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവയിലെയും സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും എന്നർത്ഥമാകുന്നു;

(എൽ) 'സേവനകാലയളവ്' എന്നാൽ ഈ റഗുലേഷനുകൾക്കനുസൃതമായി അനുവദിക്കപ്പെട്ട ഒരു തസ്തികയിൽ കമ്മീഷനിലെ ഒരുദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ നിർവഹിച്ച റഗുലർ സർവീസിന്റെ കാലയളവ് എന്നർത്ഥമാകുന്നതും ഡ്യൂട്ടിയിലും ചികിത്സാകാരണങ്ങളല്ലാതെയുള്ള ശൂന്യവേതനാവധി ഒഴിവാക്കി അർഹതയുള്ള അവധിയിലും ചെലവഴിച്ച കാലയളവുകൾ ഉൾപ്പെടുന്നതുമാകുന്നു;

(എം) 'തസ്തിക' എന്നാൽ സംസ്ഥാനസർക്കാരിന്റെ അംഗീകാരത്തോടുകൂടി സൃഷ്ടിക്കുന്ന ഒരു നിശ്ചിത ശമ്പള സ്കെയിൽ വഹിക്കുന്ന ഏതെങ്കിലും തസ്തിക എന്നർത്ഥമാകുന്നു;

(എൻ) 'റിക്രൂട്ട്മെന്റ്' എന്നാൽ കമ്മീഷനിൽ അനുവദിക്കപ്പെട്ട തസ്തികകളിലേക്കുള്ള നിയമനത്തിനുവേണ്ടി കേരള പബ്ളിക് സർവീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരമുള്ള ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പ് എന്നർത്ഥമാകുന്നു;

(ഒ) 'സെക്രട്ടറി' എന്നാൽ കമ്മീഷനിലെ സെക്രട്ടറി എന്നർത്ഥമാകുന്നതും ഈ റഗുലേഷനുകൾ പ്രകാരം സെക്രട്ടറിയുടെ കർത്തവ്യങ്ങളും ചുമതലകളും നിർവഹിക്കാൻ കമ്മീഷൻ അധികാരപ്പെടുത്തുന്നതായ കമ്മീഷനിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;

(പി) 'സംസ്ഥാനസർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ക്യൂ) 'വർഷം' എന്നാൽ ഒരു ഗ്രിഗോറിയൻ കലണ്ടർ വർഷം എന്നർത്ഥമാകുന്നു;

(2) ഈ റഗുലേഷനുകളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ പ്രത്യേകമായി നിർവചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കോ പ്രയോഗങ്ങൾക്കോ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, അവയ്ക്ക് യഥാക്രമം ആക്റ്റിൽ അല്ലെങ്കിൽ കേരള സർവീസ് റൂൾസിൽ അല്ലെങ്കിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ അല്ലെങ്കിൽ കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും അംഗീകരിച്ചിട്ടുള്ളതോ ബാധകമാക്കിയിട്ടുള്ളതോ ആയ കേരള സർക്കാർ പുറപ്പെടുവിക്കുന്ന പ്രസക്തമായ ചട്ടങ്ങളിലും ഉത്തരവുകളിലും നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II
## കേഡറിന്റെ ഘടനയും നിയമനരീതികളും

4. ***കേഡറിന്റെ ഘടന.***- കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും കേഡർ, പട്ടിക I-ൽ വിനിർദ്ദേശിക്കുന്ന വിഭാഗങ്ങളിലുള്ള തസ്തികകളടങ്ങിയിട്ടുള്ളതും സംസ്ഥാനസർക്കാരിന്റെ അംഗീകാരത്തോടുകൂടി ഇതുസംബന്ധിച്ചു പുറപ്പെടുവിക്കുന്ന വിജ്ഞാപനംവഴി കമ്മീഷന് അത് പുതുക്കാവുന്നതുമാണ്.

5. ***കേഡർ സ്ട്രെങ്ത് (cadre strength).***- (1) ഓരോ കേഡറിലെയും തസ്തികകളുടെ എണ്ണം പട്ടിക I -ൽ സൂചിപ്പിക്കുന്നപ്രകാരം സംസ്ഥാനസർക്കാർ അനുവദിക്കുന്ന തസ്തികകളുടെ എണ്ണം ആയിരിക്കുന്നതാണ്.

(2) 2009-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകളുടെ 4-ാം റഗുലേഷൻ (2)-ാം ഉപറഗുലേഷൻ പ്രകാരം കമ്മീഷനിലെ റഗുലർ സർവീസിൽ നിയമിക്കപ്പെട്ടവരായി കരുതപ്പെടുന്ന ഉദ്യോഗസ്ഥരും സ്റ്റാഫും ഈ റഗുലേഷനുകൾ പ്രകാരമുള്ള റഗുലർ ജീവനക്കാരായിരിക്കുന്നതാണ്.

(3) കമ്മീഷന്, അതതുസമയം, സംസ്ഥാനസർക്കാരിന്റെ അംഗീകാരത്തോടുകൂടി ഓരോ കേഡറിലും തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കാവുന്നതാണ്.

6. ***നിയമനത്തിനുള്ള അർഹതസംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ.***- കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ നിർണയിക്കപ്പെടുന്നപ്രകാരമുള്ള സർക്കാർസർവീസിലെ നിയമനങ്ങൾക്കുള്ള അർഹതസംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നിയമനത്തിനു ബാധകമാകുന്നതാണ്.

***7. നിയമനരീതികളും യോഗ്യതകളും.-*** കമ്മീഷനിലെ ഓരോ വിഭാഗം ഉദ്യോഗ സ്ഥരെയും മറ്റു ജീവനക്കാരെയും സംബന്ധിച്ച നിയമനരീതികളും യോഗ്യതകളും പട്ടിക II-ൽ വിനിർദ്ദേശിക്കുന്നപ്രകാരമായിരിക്കുന്നതും സംസ്ഥാനസർക്കാരിന്റെ അംഗീകാരത്തോടുകൂടി ഇതുസംബന്ധിച്ചു പുറപ്പെടുവിക്കുന്ന വിജ്ഞാപനംവഴി കമ്മീഷന് അത് പുതുക്കാവുന്നതുമാണ്.

***8. നിയമനാധികാരസ്ഥാനങ്ങൾ.-*** (1) കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേനയുള്ള നിയമനം പട്ടിക III-ൽ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള നിയമനാധികാരസ്ഥാനങ്ങൾ നടത്തേണ്ടതും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഇതുസംബന്ധിച്ചു പുറപ്പെടുവിക്കുന്ന വിജ്ഞാപനംവഴി കമ്മീഷന് അത് പുതുക്കാവുന്നതുമാണ്.

(2) കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും പ്രൊമോഷൻ മുഖേനയുള്ള നിയമനം 17-ാം റഗുലേഷനിൽ വിനിർദ്ദേശിക്കുന്ന നിബന്ധനകൾക്കും നടപടിക്രമങ്ങൾക്കുമനുസൃതമായി പട്ടിക III-ൽ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള നിയമനാധികാരസ്ഥാനങ്ങൾ നടത്തേണ്ടതാണ്.

(3) കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം, അതതു സംഗതിപോലെ, മാതൃവകുപ്പിലെയോ സ്ഥാപനത്തിലെയോ, ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽനിന്നും ആവശ്യമായ ക്ളിയറൻസ് അല്ലെങ്കിൽ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചതിനു ശേഷം പട്ടിക III-ൽ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള നിയമനാധികാരസ്ഥാനങ്ങൾ നടത്തേണ്ടതാണ്.

(4) പട്ടിക I-ൽ വിനിർദ്ദേശിക്കുന്ന തസ്തികകളിലേക്കുള്ള താത്കാലിക നിയമനം അതതു സമയം ഭേദഗതിചെയ്തപ്രകാരമുള്ള കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ 9-ാം ചട്ടത്തിനനുസൃതമായി, ആവശ്യമായ മാറ്റങ്ങളോടെ, പട്ടിക III-ൽ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള നിയമനാധികാരസ്ഥാനങ്ങൾ നടത്തേണ്ടതാണ്.

***9. കേഡർ സ്ട്രെങ്ത്തിലോ നിയമനരീതിയിലോ യോഗ്യതകളിലോ മാറ്റം വരുത്തൽ.-*** കേഡർ സ്ട്രെങ്ത്തിലോ നിയമനരീതിയിലോ യോഗ്യതകളിലോ ഉള്ള ഏതെങ്കിലും മാറ്റംവരുത്തൽ സംസ്ഥാനസർക്കാരിന്റെ അംഗീകാരത്തോടുകൂടിമാത്രം നടത്തേണ്ടതാണ്.

## അദ്ധ്യായം III
## നിയമനത്തിനുള്ള നടപടിക്രമം

*10. നേരിട്ടുള്ള റിക്രൂട്ട്മെന്റ്.-* (1) കമ്മീഷനിലെ ഒരുദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ ആയി നിയമനത്തിനുള്ള ഉദ്യോഗാർത്ഥിയുടെ നേരിട്ടുള്ള റിക്രൂട്ട്മെന്റ് കേരള പബ്ളിക് സർവീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണ്:

എന്നാൽ, കമ്മീഷന്, കേരള പബ്ളിക് സർവീസ് കമ്മീഷൻ മുഖേന കമ്മീഷനിലെ സർവീസ് സംബന്ധിച്ച് റിക്രൂട്ട്മെന്റ് സാധ്യമാക്കുന്ന ഭാരതത്തിന്റെ ഭരണഘടനയുടെ 321-ാം അനുച്ഛേദപ്രകാരം കേരള നിയമസഭ ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതുവരെ, സേവനത്തിന്റെ അത്യാവശ്യങ്ങളിൽ, ഏതെങ്കിലും ഉദ്യോഗസ്ഥനെയോ മറ്റു ജീവനക്കാരനെയോ നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേന തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല, കമ്മീഷന്, സേവനത്തിന്റെ അത്യാവശ്യങ്ങളിൽ, പരിമിതമായ കാലയളവുകളിലേക്ക് കരാറടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ മറ്റു ജീവനക്കാരനെയോ നിയോഗിക്കാവുന്നതാണ്.

(2) സംസ്ഥാനസർക്കാരിന്റെ കീഴിലുള്ള നിയമനങ്ങളിൽ അതതു സമയം അനുവദനീയമായപ്രകാരമുള്ള പട്ടികജാതിയും പട്ടികവർഗവും അംഗങ്ങൾക്കും അപ്രകാരമുള്ള മറ്റ് അർഹരായ ഉദ്യോഗാർത്ഥികൾക്കും അനുവദനീയമായ പ്രായപരിധിയിലെ ഇളവ് കമ്മീഷനിലെ നിയമനങ്ങൾക്കും ബാധകമാകുന്നതാണ്.

(3) സംസ്ഥാനസർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന, നിയമനങ്ങളിലെ സാമുദായിക സംവരണത്തിന്മേലുള്ള ചട്ടങ്ങളും ഉത്തരവുകളും കമ്മീഷനിലെ നിയമനങ്ങൾക്കും ബാധകമാകുന്നതാണ്.

(4) കമ്മീഷന്, കേരള പബ്ളിക് സർവീസ് കമ്മീഷൻ മുഖേന കമ്മീഷനിലേക്ക് റിക്രൂട്ട്മെന്റ് സാധ്യമാക്കുന്ന ഭാരതത്തിന്റെ ഭരണഘടനയുടെ 321-ാം അനുച്ഛേദപ്രകാരം കേരള നിയമസഭ ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതുവരെ പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനാവശ്യമായ യോഗ്യതകളും പരിചയവുമുള്ള അനു

യോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനു നീക്കിവയ്ക്കപ്പെട്ട ഏതെങ്കിലും തസ്തിക, സേവനത്തിന്റെ അത്യാവശ്യങ്ങളിൽ, നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേന നികത്താവുന്നതാണ്.

(5) കമ്മീഷന്, പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനാവശ്യമായ യോഗ്യതകളും പരിചയവുമുള്ള അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനു നീക്കിവയ്ക്കപ്പെട്ട ഏതെങ്കിലും തസ്തിക, സേവനത്തിന്റെ അത്യാവശ്യങ്ങളിലും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഡ്വൈസിന്മേലും, നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേന നികത്താവുന്നതാണ്.

*11. **ഡെപ്യൂട്ടേഷനിലുള്ള നിയമനം**:-* (1) കേന്ദ്രസർക്കാരിലെയോ സംസ്ഥാന സർക്കാരിലെയോ പൊതുമേഖലാസ്ഥാപനത്തിലെയോ സ്വയംഭരണസ്ഥാപനത്തിലെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെയോ ഉദ്യോഗസ്ഥരിൽനിന്നും കമ്മീഷനിലേക്കുള്ള ഉദ്യോഗസ്ഥരുടെയോ മറ്റു ജീവനക്കാരുടെയോ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം, സേവനത്തിന്റെ അത്യാവശ്യങ്ങളിൽ, നിയമനാധികാരസ്ഥാനങ്ങൾ, അതതു സംഗതി പോലെ, കേന്ദ്രസർക്കാരിലെ അല്ലെങ്കിൽ സംസ്ഥാനസർക്കാരിലെ മാതൃവകുപ്പിലെയോ മാതൃസ്ഥാപനങ്ങളിലെയോ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽനിന്നും ആവശ്യമായ ക്ളിയറൻസ് അല്ലെങ്കിൽ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചതിനു ശേഷം നടത്തേണ്ടതാണ്.

(2) (1)-ാം ഉപറഗുലേഷന്റെ കീഴിലുള്ള ഡെപ്യൂട്ടേഷൻ പ്രകാരമുള്ള നിയമനത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും കേരള സർവീസ് റൂൾസിലെയും കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെയും പ്രസക്തമായ വ്യവസ്ഥകളാൽ, ആവശ്യമായ മാറ്റങ്ങളോടെ, നിയന്ത്രിതമായിരിക്കുന്നതാണ്.

(3) അനുവദിക്കപ്പെട്ട ഡെപ്യൂട്ടേഷൻകാലയളവ് എന്തുതന്നെയായിരുന്നാലും കമ്മീഷൻ അങ്ങനെയുള്ള ജീവനക്കാരന്റെ സേവനം ആവശ്യമില്ലെന്നു കണ്ടെത്തിയാൽ അല്ലെങ്കിൽ അങ്ങനെയുള്ള ജീവനക്കാരന്റെ പ്രകടനം തൃപ്തികരമല്ലെന്നു കണ്ടെത്തിയാൽ, ഡെപ്യൂട്ടേഷൻകാലയളവ് അവസാനിക്കുന്നതിനു മുമ്പ് ഏതു സമയത്തും ഡെപ്യൂട്ടേഷനടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനെയോ മറ്റു ജീവനക്കാരനെയോ തിരിച്ചയക്കാൻ കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ തിരിച്ചയക്കുന്നതുസംബന്ധിച്ച മുൻകൂർ അറിയിപ്പ് സേവനം വിട്ടു നൽകുന്ന സ്ഥാപനത്തിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥനും അല്ലെങ്കിൽ മറ്റു ജീവനക്കാരനും കൊടുക്കേണ്ടതാണ്.

12. *ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥരുടെ അബ്സോർപ്ഷൻ മുഖേനയുള്ള **നിയമനം.-*** (1) കമ്മീഷന്, കമ്മീഷനിലേക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്ന ഒരുദ്യോഗസ്ഥനെ, സേവനത്തിന്റെ അത്യാവശ്യങ്ങളിൽ, കമ്മീഷനിലെ റഗുലർ സർവീസിലേക്ക് അബ്സോർബ് ചെയ്യുകയും നിയമിക്കുകയും ചെയ്യാവുന്നതും എന്നാൽ അതതു സംഗതിപോലെ, കേന്ദ്രസർക്കാരിലെയോ സംസ്ഥാനസർക്കാരിലെയോ പൊതു മേഖലാസ്ഥാപനത്തിലെയോ സ്വയംഭരണസ്ഥാപനത്തിലെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ ആ ഉദ്യോഗസ്ഥനിൽനിന്നും ആ ഉദ്യോഗസ്ഥന്റെ നിയമനാധികാര സ്ഥാനത്തിൽനിന്നും മുൻകൂർ അനുമതി നേടേണ്ടതും അങ്ങനെയുള്ള ഓരോ നിയമനവും നേരിട്ടുള്ള റിക്രൂട്ട്മെന്റായി കണക്കാക്കേണ്ടതുമാണ്.

(2) (1)-ാം ഉപറഗുലേഷൻ പ്രകാരം അബ്സോർബ്ചെയ്തു നിയമിക്കപ്പെടുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥന്റെയോ മറ്റു ജീവനക്കാരന്റെയോ സേവനവ്യവസ്ഥകളും മറ്റാനുകൂല്യങ്ങളും, അതതു സംഗതിപോലെ, കേന്ദ്രസർക്കാരിലെയോ സംസ്ഥാന സർക്കാരിലെയോ പൊതുമേഖലാസ്ഥാപനത്തിലെയോ സ്വയംഭരണസ്ഥാപനത്തിലെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെയോ അവരുടെ മാതൃവകുപ്പിൽ അവർക്കു ബാധകമായ സേവനവ്യവസ്ഥകളെക്കാളും മറ്റാനുകൂല്യങ്ങളെക്കാളും കുറഞ്ഞതായിരിക്കാൻ പാടില്ലാത്തതാണ്.

(3) മേൽപ്പറഞ്ഞ (1)-ാം ഉപറഗുലേഷൻ പ്രകാരം കേന്ദ്രസർക്കാരിലോ സംസ്ഥാനസർക്കാരിലോനിന്നും അബ്സോർബ്ചെയ്തു നിയമിക്കപ്പെടുന്നപ്രകാരമുള്ള ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും കമ്മീഷനിലെ സേവനകാലയളവ് എല്ലാ സർവീസാനുകൂല്യങ്ങൾക്കും മാതൃവകുപ്പിലെ അവരുടെ സർവീസിന്റെ തുടർച്ചയായി കണക്കാക്കേണ്ടതാണ്.

(4) മേൽപ്പറഞ്ഞ (1) -ാം ഉപറഗുലേഷൻ പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും കമ്മീഷനിലെ സർവീസിൽ ചേരുന്ന തീയതിയിൽ അതതു സംഗതിപോലെ, കേന്ദ്രസർക്കാരിലേക്കോ സംസ്ഥാനസർക്കാരിലേക്കോ പൊതുമേഖലാ സ്ഥാപനത്തിലേക്കോ സ്വയംഭരണസ്ഥാപനത്തിലേക്കോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്കോ അവർ കടപ്പെട്ടിരിക്കുന്ന വായ്പകൾ, അഡ്വാൻസുകൾ, മറ്റു തുകകൾ എന്നിവ

തിരിച്ചടയ്ക്കുന്നതിന് അല്ലെങ്കിൽ ഏറ്റെടുത്തിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിന് ഉത്തരവാദിയായിരിക്കുന്നതാണ്.

*13. സർവീസിൽ റഗുലറൈസ് ചെയ്യുന്നത്.-* (1) നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേനയുള്ള നിയമനം ആരംഭത്തിൽ താത്കാലികാടിസ്ഥാനത്തിലായിരിക്കുന്നതും അങ്ങനെയുള്ള താത്കാലിക നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ നിർണയിക്കപ്പെടുന്ന നടപടിക്രമമനുവർത്തിച്ച് റഗുലറൈസ് ചെയ്യേണ്ടതുമാണ്.

(2) കമ്മീഷന്, തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ സ്വഭാവവും പൂർവ ചരിത്രവും അപ്രകാരമുള്ള നിയമനം നടത്തുന്നതിനു മുമ്പോ ശേഷമോ യുക്തമെന്നു കരുതാവുന്ന ഒരു രീതിയിൽ പരിശോധിക്കാവുന്നതാണ്.

(3) മേൽപ്പറഞ്ഞ (2)-ാം ഉപറഗുലേഷൻ പ്രകാരം നടത്തുന്ന പരിശോധനയിന്മേലുള്ള റിപ്പോർട്ട്, കമ്മീഷനിലെ സർവീസിൽ നിയമനത്തിനുവേണ്ടി ഉദ്യോഗാർത്ഥി അനുയോജ്യനല്ലെന്നു സൂചിപ്പിക്കുകയാണെങ്കിൽ നിയമന നിർദ്ദേശമോ നിയമനമോ റദ്ദ്ചെയ്യപ്പെടാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

(4) നിയമനാധികാരസ്ഥാനം, അങ്ങനെയുള്ള ഉദ്യോഗാർത്ഥിക്ക് നിയമനമോ നിയമന നിർദ്ദേശമോ റദ്ദ്ചെയ്യാതിരിക്കാൻ കാരണം കാണിക്കാൻ അയാളോട് നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകേണ്ടതും പറയുവാനുള്ളത് കേൾക്കുന്നതിന് ന്യായമായ അവസരം നൽകേണ്ടതുമാണ്.

(5) ഉദ്യോഗാർത്ഥി നൽകുന്ന മറുപടി തൃപ്തികരമല്ലെങ്കിൽ അങ്ങനെയുള്ള ഉദ്യോഗാർത്ഥിക്കു നൽകുന്ന നിയമന നിർദ്ദേശമോ നിയമനമോ റദ്ദ്ചെയ്യേണ്ടതും ഇക്കാരണത്താൽ അയാൾക്ക് ഏതെങ്കിലും നഷ്ടപരിഹാരത്തിനോ സാമ്പത്തികാനുകൂല്യത്തിനോ അവകാശമില്ലാത്തതുമാകുന്നു.

***14. പ്രൊബേഷനും പ്രൊബേഷൻ ഡിക്ളെർചെയ്യലും (Probation and declaration of probation).-*** (1) നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേന നിയമിക്കപ്പെടുന്ന കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും തുടർച്ചയായ മൂന്നുവർഷക്കാലത്തിനുള്ളിൽ ഡ്യൂട്ടിയിൽ രണ്ടുവർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

(2) പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും തുടർച്ചയായ രണ്ടുവർഷക്കാലത്തിനുള്ളിൽ ഡ്യൂട്ടിയിൽ ഒരുവർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

(3) ഡെപ്യൂട്ടേഷനിലായിരിക്കുമ്പോൾ 12-ാം റഗുലേഷൻ പ്രകാരം അബ്സോർപ്ഷൻ മുഖേന നിയമിക്കപ്പെടുന്ന കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും അങ്ങനെയുള്ള അബ്സോർപ്ഷന്റെ തീയതി മുതൽ തുടർച്ചയായ രണ്ടുവർഷക്കാലത്തിനുള്ളിൽ ഡ്യൂട്ടിയിൽ ഒരുവർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

(4) പ്രൊബേഷനുമായും പ്രൊബേഷൻ ഡിക്ളെർചെയ്യുന്നതുമായും ബന്ധപ്പെട്ട മറ്റു വ്യവസ്ഥകളും നിബന്ധനകളും, കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, ആയിരിക്കുന്നതാണ്.

***15. സ്ഥിരപ്പെടുത്തൽ (Confirmation).-*** (1) കമ്മീഷനിലെ പ്രൊബേഷനിലുള്ള ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന്മേലും 16-ാം റഗുലേഷനിൽ വിനിർദ്ദേശിക്കപ്പെടുന്ന പ്രകാരമുള്ള വകുപ്പുതലപരീക്ഷ വിജയിക്കുന്നതിന്മേലും മാത്രം കമ്മീഷനിലെ റഗുലർ സർവീസിൽ സ്ഥിരപ്പെടുത്തേണ്ടതാണ്.

(2) സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള മറ്റു വ്യവസ്ഥകളും നിബന്ധനകളും കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, ആയിരിക്കുന്നതാണ്.

***16. വകുപ്പുതലപരീക്ഷ.-*** സംസ്ഥാനസർക്കാരിന്റെ അംഗീകാരത്തോടുകൂടി ഇതുസംബന്ധിച്ച് പുറപ്പെടുവിക്കുന്ന വിജ്ഞാപനംവഴി കമ്മീഷനു പുതുക്കാവുന്നതായ, പട്ടിക IV-ൽ വിനിർദ്ദേശിക്കപ്പെടുന്ന പ്രകാരമുള്ള വകുപ്പുതലപരീക്ഷകൾ കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും വിജയിക്കേണ്ടതാണ്.

## അദ്ധ്യായം IV

## പ്രൊമോഷനും സീനിയോറിറ്റിയും

***17. പ്രൊമോഷൻ.***– (1) പട്ടിക II- ൽ പ്രൊമോഷൻ പ്രകാരമുള്ള നിയമനരീതി വിനിർദ്ദേശിച്ചിട്ടുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾ, പട്ടിക V-ൽ പരാമർശിക്കപ്പെടുന്ന പ്രകാരമുള്ള ഫീഡർ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കുമിടയിൽനിന്നും പ്രൊമോഷൻ മുഖേന, താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി, നടത്തേണ്ടതാണ്,-

(എ) ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും 15-ാം റഗുലേഷൻ പ്രകാരമുള്ള സ്ഥിരപ്പെടുത്തലിനു ശേഷം മാത്രം പ്രൊമോഷനുവേണ്ടി പരിഗണിക്കേണ്ടതാണ്;

(ബി) ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും പട്ടിക II-ൽ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള ആവശ്യമായ യോഗ്യതകളും സർവീസ് ദൈർഘ്യവുമുണ്ടെങ്കിൽ മാത്രം അവരെ പ്രൊമോഷനുവേണ്ടി പരിഗണിക്കേണ്ടതാണ്;

(സി) പ്രൊമോഷൻ, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ 28-ാം ചട്ടത്തിൽ നിർണയിക്കപ്പെടുന്ന നടപടിക്രമമനുവർത്തിച്ച്, ആവശ്യമായ മാറ്റങ്ങളോടെ, നടപ്പാക്കേണ്ടതാണ്.

(2) പ്രൊമോഷൻ പ്രകാരമുള്ള നിയമനരീതി വിനിർദ്ദേശിച്ചിട്ടുള്ള തസ്തികകളിലേക്ക് അർഹതാമാനദണ്ഡങ്ങൾ നിറവേറ്റുന്ന യോഗ്യതകളുള്ള ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ഫീഡർ കാറ്റഗറിയിൽ ലഭ്യമല്ലെങ്കിൽ മാത്രം കരാർനിയമനങ്ങളെയോ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനത്തെയോ ആശ്രയിക്കാവുന്നതാണ്.

***18. സീനിയോറിറ്റി*** .- കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സീനിയോറിറ്റി, കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ പ്രസക്തമായ വ്യവസ്ഥകൾക്കനുസൃതമായി, ആവശ്യമായ മാറ്റങ്ങളോടെ, തീരുമാനിക്കേണ്ടതാണ്.

## അദ്ധ്യായം V

## ശമ്പളവും ബത്തകളും മറ്റു സർവീസാനുകൂല്യങ്ങളും

*19. ശമ്പളവും ബത്തകളും.-* (1) കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും ഈ റഗുലേഷനുകളിലെ പട്ടിക I-ൽ ഓരോ തസ്തികക്കും വിനിർദ്ദേശിച്ചിട്ടുള്ള ശമ്പള സ്കെയിലുകളിലുള്ള ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും സംസ്ഥാന സർക്കാരിലെ തത്തുല്യമായ ശമ്പള സ്കെയിലുകളിലുള്ള ഉദ്യോഗസ്ഥർക്ക് അനുവദനീയമായ ബത്തകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ബത്തകളും സംസ്ഥാനസർക്കാർ അവ പരിഷ്കരിക്കുമ്പോഴും അങ്ങനെയുള്ള പരിഷ്കരണത്തിനനുസൃതമായും പരിഷ്കരിക്കേണ്ടതാണ്.

*20. സമയബന്ധിത ഗ്രേഡ്പ്രൊമോഷൻ.-* സംസ്ഥാനസർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന ശമ്പളപരിഷ്കരണ ഉത്തരവുകൾക്കനുസൃതമായി സംസ്ഥാന സർക്കാർജീവനക്കാർക്ക് അനുവദനീയമായപ്രകാരമുള്ള സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷനുള്ള സ്കീമിലെ ആനുകൂല്യങ്ങൾക്ക്, കമ്മീഷനിലെ റഗുലർ സർവീസിലുള്ള ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

*21. അവധി.-* കേരള സർവീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാരിലെ ഉദ്യോഗസ്ഥർക്ക് അനുവദനീയമായപ്രകാരമുള്ള അവധിക്ക് കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

*22. യാത്രാബത്ത.-* കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും സംസ്ഥാനസർക്കാരിലെ തത്തുല്യമായ ശമ്പള സ്കെയിലുകളിലുള്ള ഉദ്യോഗസ്ഥർക്ക് ബാധകമായപ്രകാരമുള്ള യാത്രാബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

*23. മെഡിക്കൽ റീഇംബേഴ്സ്മെന്റ്.-* കമ്മീഷനിലെ റഗുലർ സർവീസിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും കമ്മീഷൻ നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ്

സ്കീമിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമനുസൃതമായി അനുവദനീയമായ പ്രകാരമുള്ള അവരുടെ ചികിത്സാചെലവുകളുടെ റീഇംബേഴ്സ്മെന്റിന് അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, കമ്മീഷൻ അപ്രകാരമുള്ള മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നതുവരെ സംസ്ഥാനസർക്കാരിലെ ഉദ്യോഗസ്ഥർക്ക് ബാധകമായപ്രകാരമുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റിന് കമ്മീഷനിലെ റഗുലർ സർവീസിലുള്ള ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, കമ്മീഷന്, സ്വവിവേകം ഉപയോഗിച്ച്, കരാർ പ്രകാരമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ ഒരാളിനോ കമ്മീഷനിലെ സേവന കാലത്ത് അയാളുടെ / അവളുടെ ചികിത്സക്കു നേരിട്ട ചെലവിലേക്കായി ഒരു എക്സ്ഗ്രേഷ്യാ പേമെന്റ് അനുവദിക്കാവുന്നതാണ്.

***24. പ്രോവിഡന്റ് ഫണ്ട്.-(1)***കമ്മീഷനിലെ റഗുലർ സർവീസിലുള്ള ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും കമ്മീഷനിലെ ജനറൽ പ്രോവിഡന്റ് ഫണ്ടിലേക്ക് വരിക്കാരാകുന്നതിന് അർഹതയുണ്ടായിരിക്കുന്നതും അത് കേരള സർക്കാരിലെ ഉദ്യോഗസ്ഥർക്ക് ബാധകമായിട്ടുള്ള, അതതു സമയം ഭേദഗതിചെയ്തപ്രകാരമുള്ള, 1963-ലെ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി, ആവശ്യമായ മാറ്റങ്ങളോടെ, സൂക്ഷിച്ചുപോരേണ്ടതും വിതരണംചെയ്യേണ്ടതുമാണ്.

(2) 12-ാം റഗുലേഷൻ (1)-ാം ഉപറഗുലേഷൻ പ്രകാരം കമ്മീഷനിലെ റഗുലർ സർവീസിലേക്ക് അബ്സോർബ്ചെയ്തു നിയമിക്കപ്പെടുന്ന കേന്ദ്രസർക്കാരിലെയോ സംസ്ഥാനസർക്കാരിലെയോ പൊതുമേഖലാസ്ഥാപനത്തിലെയോ സ്വയംഭരണസ്ഥാപനത്തിലെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെയോ ഉദ്യോഗസ്ഥർക്ക് അവരുടെ മാതൃവകുപ്പിലോ മാതൃസ്ഥാപനത്തിലോ അവർക്കനുവദനീയമായ പ്രോവിഡന്റ് ഫണ്ടാനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം VI

## മറ്റു സേവനവ്യവസ്ഥകൾ

*25. ട്രെയിനിങ്.–* കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും അതതു സമയം കമ്മീഷൻ നിശ്ചയിച്ചേക്കാവുന്നപ്രകാരമുള്ള ട്രെയിനിങ്ങിനു വിധേയരാകേണ്ടതാണ്.

*26. പ്രകടനം വിലയിരുത്തൽ റിപ്പോർട്ടുകൾ* ***(Performance Appraisal Reports).–*** കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും പ്രകടനം, അതതു സമയം സംസ്ഥാനസർക്കാരിലെ ഉദ്യോഗസ്ഥർക്കു ബാധകമായ പ്രസക്തമായ ചട്ടങ്ങൾക്കും ഉത്തരവുകൾക്കുമനുസൃതമായി, ആവശ്യമായ മാറ്റങ്ങളോടെ, വിലയിരുത്തേണ്ടതും റിപ്പോർട്ടുചെയ്യേണ്ടതും റിവ്യു ചെയ്യേണ്ടതുമാണ്.

***27. പെരുമാറ്റച്ചട്ടങ്ങൾ (Conduct rules).–*** അതതു സമയം ഭേദഗതിചെയ്ത പ്രകാരമുള്ള 1960–ലെ കേരള ഗവൺമെന്റ് സെർവന്റ്സ് കൻഡക്റ്റ് റൂൾസിലെ വ്യവസ്ഥകളും അതിന്മേൽ സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന മറ്റേതെങ്കിലും ഉത്തരവുകളും, ആവശ്യമായ മാറ്റങ്ങളോടെ, കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും ബാധകമാകുന്നതാണ്.

***28. ശിക്ഷണനടപടികൾ.–*** അതതു സമയം ഭേദഗതിചെയ്തപ്രകാരമുള്ള 1960–ലെ കേരള സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസിലെ വ്യവസ്ഥകളും സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന പ്രസക്തമായ ഉത്തരവുകളും, ആവശ്യമായ മാറ്റങ്ങളോടെ, കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും ബാധകമാകുന്നതാണ്.

***29. സർവീസിൽനിന്നും രാജിവയ്ക്കൽ.–*** കമ്മീഷനിലെ റഗുലർ സർവീസിലേക്ക് നിയമിക്കപ്പെടുന്ന ഒരുദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ കമ്മീഷന് മൂന്നു മാസത്തെ മുൻകൂർനോട്ടീസ് നൽകിക്കൊണ്ടോ അങ്ങനെയുള്ള നോട്ടീസിനു പകരം മൂന്നു മാസത്തെ ശമ്പളത്തിനും ബത്തകൾക്കും തുല്യമായ ഒരു തുക നിക്ഷേപിച്ചുകൊണ്ടോ കമ്മീഷനിലെ സർവീസിൽനിന്നും രാജിവയ്ക്കാവുന്നതാണ്:

എന്നാൽ കമ്മീഷന്, സ്വവിവേകം ഉപയോഗിച്ച്, അസാധാരണ സംഗതികളിൽ അതിന്റെ കാരണങ്ങൾ രേഖപ്പെടുത്തിയതിനു ശേഷം ഈ വ്യവസ്ഥയ്ക്ക് ഇളവ് വരുത്താവുന്നതാണ്.

*30. വിരമിക്കൽപ്രായം.-* കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും വിരമിക്കൽപ്രായം സംസ്ഥാനസർക്കാരിലെ ഉദ്യോഗസ്ഥർക്കു ബാധകമായ അതേ പ്രകാരമുള്ളതായിരിക്കുന്നതാണ്.

*31. പെൻഷനും ഗ്രാറ്റ്യൂറ്റിയും മറ്റു റിട്ടയർമെന്റ് ആനുകൂല്യങ്ങളും.-*(1) 31-3-2013-ൽ അല്ലെങ്കിൽ അതിനു മുമ്പ് കമ്മീഷനിലെ റഗുലർ സർവീസിലുണ്ടായിരുന്ന ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും കമ്മീഷനിലെ പെൻഷൻപദ്ധതിക്ക് അർഹതയുണ്ടായിരിക്കുന്നതും അത് അതതു സമയം ഭേദഗതിചെയ്തപ്രകാരമുള്ള കേരള സർവീസ് റൂൾസ് ഭാഗം III -ലെ ചട്ടങ്ങളാൽ നിയന്ത്രിതമായിരിക്കുന്നതുമാണ്.

(2) 1-4-2013-ൽ അല്ലെങ്കിൽ അതിനു ശേഷം കമ്മീഷനിലെ റഗുലർ സർവീസിലേക്കു നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും കമ്മീഷനിലെ പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് (Contributory Pension Scheme) അർഹതയുണ്ടായിരിക്കുന്നതും അത് ദേശീയ പെൻഷൻ പദ്ധതി (National Pension System) (എൻപിഎസ്) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അതതു സമയം കേരള സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളാൽ നിയന്ത്രിതമായിരിക്കുന്നതുമാണ്.

(3) ആരംഭത്തിൽ ഡെപ്യൂട്ടേഷനടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരും അതിനു ശേഷം 12-ാം റഗുലേഷൻ (1)-ാം ഉപറഗുലേഷൻ പ്രകാരം കമ്മീഷനിലെ റഗുലർ സർവീസിലേക്ക് അബ്സോർബ് ചെയ്യപ്പെടുന്നവരുമായ കേന്ദ്രസർക്കാരിലെയോ സംസ്ഥാനസർക്കാരിലെയോ പൊതുമേഖലാസ്ഥാപനത്തിലെയോ സ്വയംഭരണസ്ഥാപനത്തിലെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെയോ ഉദ്യോഗസ്ഥർക്ക് അവരുടെ മാതൃവകുപ്പിലോ മാതൃസ്ഥാപനത്തിലോ അവർക്ക് അനുവദനീയമായ പെൻഷൻപദ്ധതി, ഗ്രാറ്റ്യൂറ്റി, മറ്റു റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(4) മേൽപ്പറഞ്ഞ (3)-ാം ഉപറഗുലേഷൻ പ്രകാരം അനുവദനീയമായ ആനുകൂല്യങ്ങൾ കമ്മീഷനിലെ റഗുലർ സർവീസിന്റെ കാലയളവിലേക്കു പരിമിതപ്പെടുത്തേണ്ടതാണ്:

എന്നാൽ, കമ്മീഷനിലെ ഒരുദ്യോഗസ്ഥന്റെയോ മറ്റു ജീവനക്കാരന്റെയോ 12-ാം റഗുലേഷൻ (1)-ാം ഉപറഗുലേഷൻ പ്രകാരമുള്ള നിയമനത്തിനു മുമ്പ് സംസ്ഥാന സർക്കാരിലോ കേന്ദ്രസർക്കാരിലോ ഉള്ള റഗുലർ സർവീസിന്റെ കാലയളവ്, അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും കമ്മീഷൻ നൽകേണ്ട പെൻഷൻ, ഗ്രാറ്റ്വറ്റി, മറ്റു റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയുടെ ആവശ്യത്തിലേക്കുവേണ്ടി യോഗ്യമായ സേവനത്തിന്റെ (Qualifying service) കണക്കുകൂട്ടലിനായി പരിഗണിക്കേണ്ടതാണ്:

എന്നുമാത്രമല്ല, 12-ാം റഗുലേഷൻ (1)-ാം ഉപറഗുലേഷൻ പ്രകാരം കമ്മീഷനിൽ നിയമിക്കുന്നതിനു മുമ്പ് പൊതുമേഖലാസ്ഥാപനത്തിലോ സ്വയംഭരണസ്ഥാപനത്തിലോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലോ ഉള്ള റഗുലർ സർവീസിന്റെ കാലയളവ്, അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും കമ്മീഷൻ നൽകേണ്ട പെൻഷൻ, ഗ്രാറ്റ്വറ്റി, മറ്റു റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കുവേണ്ടിയുള്ള യോഗ്യമായ സേവനത്തിന്റെ കണക്കുകൂട്ടലിന്, ആ ആവശ്യത്തിലേക്കായി സംസ്ഥാനസർക്കാരിൽനിന്നും മുൻകൂർ അംഗീകാരം ലഭിച്ചാൽ, കണക്കിലെടുക്കാവുന്നതാണ്.

***32. സർവീസ് സംബന്ധമായ രേഖ.***- ഓരോ ഉദ്യോഗസ്ഥന്റെയും മറ്റു ജീവനക്കാരുടെയും സർവീസ് സംബന്ധമായ ഒരു രേഖ സംസ്ഥാനസർക്കാരിലെ ഉദ്യോഗസ്ഥരുടെ സംഗതിയിലെന്നപോലെ സൂക്ഷിച്ചുപോരേണ്ടതാണ്.

## അദ്ധ്യായം VII

## പലവക

***33. സാമാന്യം.***- ഈ റഗുലേഷനുകളിൽ പ്രത്യേകം പരാമർശിക്കാത്ത കാര്യങ്ങളിൽ, സംസ്ഥാനസർക്കാരിന്റെ അംഗീകാരത്തോടുകൂടി കമ്മീഷൻ ഉചിതമായ റഗുലേഷനുകൾ പുറപ്പെടുവിക്കുന്നതുവരെ പ്രസക്തമായ ചട്ടങ്ങളിലെ വ്യവസ്ഥകളും അതതു സമയം സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന സിവിൽ സർവീസുകളുമായി ബന്ധപ്പെട്ട ഉത്തരവുകളും ബാധകമായിരിക്കുന്നതാണ്.

**34. *വൈഷമ്യങ്ങൾ നീക്കംചെയ്യാനുള്ള അധികാരം.***- കമ്മീഷൻ, ഈ റഗുലേഷനുകളിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഉണ്ടാകാവുന്ന ഏതെങ്കിലും വൈഷമ്യം നീക്കംചെയ്യുന്നതിന് യുക്തവും ആവശ്യവുമെന്ന് അതു കരുതുന്നപ്രകാരമുള്ള ഉത്തര

വുകൾ പുറപ്പെടുവിക്കുകയോ അപ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്.

***35. ഭേദഗതിചെയ്യാനുള്ള അധികാരം.***- കമ്മീഷന്, ഏതു സമയത്തും സംസ്ഥാന സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടുകൂടി, ഈ റഗുലേഷനുകളിൽ ഏതെങ്കിലും വ്യവസ്ഥകൾ കൂട്ടിച്ചേർക്കുകയോ ഒഴിവാക്കുകയോ രൂപഭേദപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

***36. റദ്ദാക്കലും ഒഴിവാക്കലും.***- (1) താഴെപ്പറയുന്ന റഗുലേഷനുകൾ ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു:

(i) 2009-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവന വ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ.

(ii) 2008-ലെ കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ (സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും മേൽപ്പറഞ്ഞ റഗുലേഷനുകളുടെ വ്യവസ്ഥകൾ പ്രകാരം ചെയ്ത ഏതെങ്കിലും നിയമനമോ സ്ഥിരപ്പെടുത്തലോ ഉത്തരവുകളോ ഉൾപ്പെടെ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ റഗുലേഷനുകളുടെ തത്തുല്യമായ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കമ്മീഷന്റെ ഉത്തരവിൻ പ്രകാരം,

സന്തോഷ്കുമാർ.കെ.ബി
സെക്രട്ടറി

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും നിയന്ത്രിക്കാൻ നിലവിൽ രണ്ട് റഗുലേഷനുകളുണ്ട്, അതായത്:-

(i) 2009-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ; കൂടാതെ

(ii) 2008-ലെ കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ (സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ

കമ്മീഷനിലെയും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനിലെയും ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ഭരണ നിയന്ത്രണം കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ 42(6)-ാം വകുപ്പു പ്രകാരം കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാൽ നിയമിക്കപ്പെടേണ്ടതോ സ്ഥാനനിർദ്ദേശം ചെയ്യപ്പെടേണ്ടതോ ആയ ഒരു അധികാരസ്ഥാനമാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ. കമ്മീഷന്റെ ഓഫീസിൽ 21 അനുവദിക്കപ്പെട്ട തസ്തികകളും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസിൽ 4 അനുവദിക്കപ്പെട്ട തസ്തികകളും മാത്രമാണുള്ളത്.

മേൽപ്പറഞ്ഞ റഗുലേഷനുകളിൽ വിനിർദ്ദേശിക്കപ്പെട്ട പ്രകാരം കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഓഫീസിലെ 21 ജീവനക്കാരുടെയും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസിലെ 4 ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ സമാനമായതാണെന്ന് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ കീഴിൽ ജോലിചെയ്യുന്ന അപ്രകാരമുള്ള പരിമിതമായ എണ്ണം ജീവനക്കാർക്കുവേണ്ടി വ്യത്യസ്ത രൂപത്തിലുള്ള സേവനവ്യവസ്ഥകൾ അനാവശ്യമാണെന്നു കാണുകയുണ്ടായി. അതുകൂടാതെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും റിക്രൂട്ട്മെന്റ് കേരള പബ്ളിക് സർവീസ് കമ്മീഷനെ ഏൽപ്പിക്കുന്നതിനാവശ്യ

മായ വ്യവസ്ഥ റഗുലേഷനിലുൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും കാണുകയുണ്ടായി. മേൽപ്പറഞ്ഞ റഗുലേഷനുകളിലെ നിലവിലുള്ള വ്യവസ്ഥ ഇപ്പോഴത്തെ ആവശ്യകതകൾ നിർവഹിക്കുന്നതിന് അപര്യാപ്തമാണെന്നും കാണുകയുണ്ടായി. ആയതിനാൽ മേൽപ്പറഞ്ഞ റഗുലേഷനുകൾ റദ്ദുചെയ്തുകൊണ്ട് ആ റഗുലേഷനുകൾ ഏകീകരിക്കുകയും ലയിപ്പിക്കുകയും ഒരു പൊതുവായ റഗുലേഷൻ രൂപീകരിക്കുകയും ചെയ്യേണ്ടത് ഉചിതമായിരിക്കുമെന്നും തോന്നുകയുണ്ടായി. ഇലക്ട്രിസിറ്റി ആക്റ്റ് 91-ാം വകുപ്പ് (2) -ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം ആവശ്യമായ കേരള സർക്കാരിന്റെ അംഗീകാരം 18-11-2015 തീയതിയിലെ സർക്കാർ ഉത്തരവ് നം. 2780/എ1/2015/പിഡി പ്രകാരം ലഭിക്കുകയുണ്ടായി. 2015-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നിബന്ധനകളും വ്യവസ്ഥകളും) റഗുലേഷനുകളുടെ കരട്, തൽപ്പരകക്ഷികളുടെ അഭിപ്രായം നേടുന്നതിനായി 16-12-2015-ൽ കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്പോൾ കമ്മീഷൻ 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നിബന്ധനകളും വ്യവസ്ഥകളും) റഗുലേഷനുകൾ അന്തിമമാക്കുകയും അത് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## പട്ടിക - I
## കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ
## ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും വിഭാഗങ്ങളുടെ ഘടന
(4-ഉം 5-ഉം റഗുലേഷനുകൾ കാണുക)

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | കമ്മീഷന്റെ | ഓംബുഡ്സ്മാന്റെ | ആകെ |
|---|---|---|---|---|---|
| | | | ഓഫീസിലെ തസ്തികകളുടെ എണ്ണം | | |
| 1 | കമ്മീഷൻ സെക്രട്ടറി | 46640 - 59840 | 1 | 0 | 1 |
| 2 | ഡയറക്ടർ (ടെക്നിക്കൽ) | 46640 - 59840 | 1 | 0 | 1 |
| 3 | ഡയറക്ടർ (ഫിനാൻസ് & താരിഫ്) | 46640 - 59840 | 1 | 0 | 1 |
| 4 | ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | 44640 - 58640 | 1 | 0 | 1 |
| 5 | ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) | 36140 - 49740 | 1 | 0 | 1 |
| 6 | അസിസ്റ്റന്റ് ഡയറക്ടർ (ടെക്നിക്കൽ) | 24040 - 38840 | 1 | 0 | 1 |
| 7 | അസിസ്റ്റന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | 24040 - 38840 | 1 | 0 | 1 |
| 8 | അസിസ്റ്റന്റ് ഡയറക്ടർ (നിയമം) | 24040 - 38840 | 1 | 0 | 1 |
| 9 | ഓംബുഡ്സ്മാൻ സെക്രട്ടറി | 24040 - 38840 | 0 | 1 | 1 |
| 10 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 22360 - 37940 | 1 | 0 | 1 |
| 11 | അക്കൗണ്ട്സ് ഓഫീസർ | 22360 - 37940 | 1 | 0 | 1 |
| 12 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 20740 - 36140 | 1 | 0 | 1 |
| 13 | സീനിയർ ക്ലാർക്ക് | 13210 - 22360 | 1 | 0 | 1 |
| 14 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / സ്റ്റെനോ ടൈപ്പിസ്റ്റ് | 10480 - 18300 | 3 | 1 | 4 |
| 15 | ഡ്രൈവർ - കം - അറ്റൻഡർ | 9190 - 15780 | 3 | 1 | 4 |
| 16 | അറ്റൻഡർ | 8960 - 14260 | 3 | 1 | 4 |

*കുറിപ്പ്* :- 15-4-2004 തീയതിയിലെ സ.ഉ.(എംഎസ്) നം.10/04/പിഡി പ്രകാരം സർക്കാർ അനുവദിച്ച സീനിയർ ഇക്കണോമിക് അനലിസ്റ്റിന്റെ തസ്തിക ജോയിന്റ് ഡയറക്ടർ (ഫിനാൻസ് ആന്റ് താരിഫ്) ആയി പുനർനാമനിർദ്ദേശം ചെയ്യുകയും 15-4-2004 തീയതിയിലെ സ.ഉ (എംഎസ്) 10/04/പിഡി പ്രകാരം അനുവദിച്ച ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തിക ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) ആയി പുനർനാമനിർദ്ദേശം ചെയ്യുകയും ചെയ്തു.

# പട്ടിക - II
## കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ
## ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നിയമനരീതികളും യോഗ്യതകളും
(7-ാം റഗുലേഷൻ കാണുക)

| ക്രമ നമ്പർ | തസ്തികയുടെ പേര് | നിയമനരീതി | അത്യാവശ്യ | അഭിലഷണീയ | പരിചയം |
|---|---|---|---|---|---|
| | | | യോഗ്യത | | |
| (1) | (2) | (3) | (4) | (5) | (6) |
| 1 | കമ്മീഷൻ സെക്രട്ടറി | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബിരുദം | 1. നിയമബിരുദം<br>2. അഡ്മിനിസ്ട്രേഷനിൽ / ബിസിനസ് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം | ഭരണനിർവഹണത്തിൽ/ മാനേജ്മെന്റിൽ 15 വർഷത്തെ പരിചയം, മികച്ച ആശയവിനിമയ വൈദഗ്ദ്ധ്യം. സങ്കീർണ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ്, ഉദ്യോഗസ്ഥവൃന്ദം, ബഡ്ജറ്റ്, പ്രോജക്ടുകൾ എന്നിവയുടെ മാനേജ്മെന്റ് |
| 2 | ഡയറക്ടർ (ടെക്നിക്കൽ) | 1. പ്രൊമോഷൻ<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | ഇലക്ട്രിക്കൽ / ഇലക്ട്രോണിക് എൻജിനീയറിങ്ങിൽ ബിരുദം | 1. ഇലക്ട്രിക്കൽ / ഇലക്ട്രോണിക് എൻജിനീയറിങ്ങിൽ ബിരുദാനന്തര ബിരുദം<br>2. നിയമത്തിൽ ബിരുദം അല്ലെങ്കിൽ ഡിപ്ളോമ<br>3. ബിസിനസ് മാനേജ്മെന്റിൽ അല്ലെങ്കിൽ ഫിനാൻസ് മാനേജ്മെന്റിൽ ബിരുദം | പവർ മേഖലയിൽ ഇലക്ട്രിക്കൽ എൻജിനീയറായി 15 വർഷത്തിൽ കുറയാത്ത പരിചയം |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3 | ഡയറക്ടർ (ഫിനാൻസ് & താരിഫ്) | 1. പ്രൊമോഷൻ<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | 1. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദം<br>അല്ലെങ്കിൽ<br>2. ഫിനാൻഷ്യൽ മാനേജ്മെന്റിൽ എംബിഎ<br>അല്ലെങ്കിൽ<br>3. ചാർട്ടേഡ് അക്കൗണ്ടന്റ്<br>അല്ലെങ്കിൽ<br>4. ഐസിഡബ്ള്യൂഎ | 1. ഇക്കണോമിക്സിൽ / ഫിനാൻഷ്യൽ മാനേജ്മെന്റിൽ പിഎച്ച്ഡി<br>2. നിയമബിരുദം | പവർ മേഖലയിൽ താരിഫ് റഗുലേഷനുകൾക്ക് പ്രത്യേക പരിഗണനയോടുകൂടി ഫിനാൻഷ്യൽ മാനേജ്മെന്റിൽ 15 വർഷത്തിൽ കുറയാത്ത പരിചയം. |
| 4 | ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | 1. പ്രൊമോഷൻ<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | 1. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദം<br>അല്ലെങ്കിൽ<br>2. ഫിനാൻഷ്യൽ മാനേജ്മെന്റിൽ എംബിഎ<br>അല്ലെങ്കിൽ<br>3. ചാർട്ടേഡ് അക്കൗണ്ടന്റ്<br>അല്ലെങ്കിൽ<br>4. ഐസിഡബ്ള്യൂഎ | 1. ഇക്കണോമിക്സിൽ / ഫിനാൻഷ്യൽ മാനേജ്മെന്റിൽ പിഎച്ച്ഡി<br>2. നിയമബിരുദം | ഭരണനിർവഹണ ചുമതലയുള്ള പദവിയിൽ ഏറ്റവും കുറഞ്ഞത് 5 വർഷത്തെ സഹിതം 12 വർഷത്തെ പരിചയം, സാമ്പത്തിക വിശകലനത്തിലും മോഡലിങ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ വിശകലനത്തിലും തെളിയിക്കപ്പെട്ട കഴിവ്. വൈദ്യുതി താരിഫ് രൂപകൽപ്പനചെയ്യൽ, നിരക്ക് നിർണയം, അക്കൗണ്ടിങ്, ധനകാര്യതത്വങ്ങൾ എന്നിവയിലുള്ള പരിജ്ഞാനം |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 5 | ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) | 1. പ്രൊമോഷൻ<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | ഇലക്ട്രിക്കൽ / പവർ എൻജിനീയറിങ്ങിൽ ബിരുദം | 1. ഇലക്ട്രിക്കൽ / ഇലക്ട്രോണിക് എൻജിനീയറിങ്ങിൽ ബിരുദാനന്തരബിരുദം<br>2. നിയമത്തിൽ ബിരുദം<br>അല്ലെങ്കിൽ<br>ഡിപ്ളോമ | പവർ യൂട്ടിലിറ്റി ഓപ്പറേഷൻ, ഉത്പാദനം, പ്രസരണം, വിതരണം, വാണിജ്യപരമായ വിഷയങ്ങൾ, പവർ വാങ്ങൽ എന്നിവയിൽ മാനേജ്മെന്റ് തലത്തിൽ ഏറ്റവുംകുറഞ്ഞത് 5 വർഷത്തെ സഹിതം 10 വർഷത്തെ പരിചയം |
| 6 | അസിസ്റ്റന്റ് ഡയറക്ടർ (ടെക്നിക്കൽ) | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | ഇലക്ട്രിക്കൽ / പവർ എൻജിനീയറിങ്ങിൽ ബിരുദം | 1. ഇലക്ട്രിക്കൽ / ഇലക്ട്രോണിക് എൻജിനീയറിങ്ങിൽ ബിരുദാനന്തരബിരുദം<br>2. നിയമത്തിൽ ബിരുദം<br>അല്ലെങ്കിൽ<br>ഡിപ്ളോമ | പവർ മേഖലയിൽ ഇലക്ട്രിക്കൽ എൻജിനീയറായി 7 വർഷത്തിൽ കുറയാത്ത പരിചയം. |
| 7 | അസിസ്റ്റന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | 1. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദം<br>അല്ലെങ്കിൽ<br>2. ഫിനാൻഷ്യൽ മാനേജ്മെന്റിൽ എംബിഎ<br>അല്ലെങ്കിൽ | 1. ഇക്കണോമിക്സിൽ / ഫിനാൻഷ്യൽ മാനേജ്മെന്റിൽ പിഎച്ച്ഡി<br>2. നിയമബിരുദം | ഭരണ നിർവഹണ ചുമതലയുള്ള പദവിയിൽ ഏറ്റവും കുറഞ്ഞത് 5 വർഷത്തെ സഹിതം 7 വർഷത്തെ പരിചയം, സാമ്പത്തിക വിശകലനത്തിലും മോഡലിങ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ വിശകലനത്തിലും തെളിയിക്കപ്പെട്ട കഴിവ്. വൈദ്യുതി താരിഫ് രൂപകൽപ്പന |

| | | | | | |
|---|---|---|---|---|---|
| | | | 3. ചാർട്ടേഡ് അക്കൗണ്ടന്റ്<br>അല്ലെങ്കിൽ<br>4. ഐസിഡബ്ള്യൂഎ | | ചെയ്യൽ, നിരക്ക് നിർണയം,അക്കൗണ്ടിങ്, ധനകാര്യതത്വങ്ങൾ എന്നിവയിലുള്ള പരിജ്ഞാനം |
| 8 | അസിസ്റ്റന്റ് ഡയറക്ടർ (നിയമം) | ഡെപ്യൂട്ടേഷൻ | നിയമ ബിരുദം | നിയമത്തിൽ / മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം | പ്രശസ്തമായ ഒരു ലീഗൽ കൺസൾട്ടൻസി സ്ഥാപനത്തിലെയോ പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകനായോ 7 വർഷത്തിൽ കുറയാത്ത പരിചയം |
| 9 | ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സെക്രട്ടറി | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദം | 1. നിയമബിരുദം<br>2. ബിസിനസ് മാനേജ്മെന്റിൽ / അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദം<br>3. കംപ്യൂട്ടർ ആപ്ളിക്കേഷൻസിൽ പരിജ്ഞാനം | ഭരണനിർവഹണത്തിൽ/ മാനേജ്മെന്റിൽ 7 വർഷത്തെ പരിചയം. മികച്ച ആശയവിനിമയ വൈദഗ്ദ്ധ്യം, സങ്കീർണ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ്, ഉദ്യോഗസ്ഥവൃന്ദം, ബഡ്ജറ്റ്, പ്രോജക്ടുകൾ എന്നിവയുടെ മാനേജ്മെന്റ് |
| 10 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1. പ്രൊമോഷൻ<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദം | 1. പേഴ്സണൽ അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ഡിപ്ളോമ<br>2. കംപ്യൂട്ടർ ആപ്ളിക്കേഷൻസിൽ പരിജ്ഞാനം | സർക്കാർ / പൊതുമേഖല /സ്വകാര്യ മേഖലാ സ്ഥാപനത്തിലെ 15 വർഷത്തെ പരിചയം |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 11 | അക്കൗണ്ട്സ് ഓഫീസർ | 1. പ്രൊമോഷൻ<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ കോമേഴ്സിലുള്ള ബിരുദം | 1. കോമേഴ്സിൽ / ഫിനാൻഷ്യൽ മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം<br>2. കംപ്യൂട്ടർ ആപ്ളിക്കേഷൻസിൽ പരിജ്ഞാനം | സർക്കാർ / പൊതുമേഖല / സ്വകാര്യമേഖലാ സ്ഥാപനത്തിലെ 15 വർഷത്തെ പരിചയം |
| 12 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | 1. അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദം<br>2. കംപ്യൂട്ടർ ആപ്ളിക്കേഷൻസിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ ഡിപ്ളോമ | വെബ്സൈറ്റ് മാനേജ്മെന്റിലും നെറ്റ്വർക്കിങ്ങിലുമുള്ള പരിജ്ഞാനം | പ്രശസ്തമായ ഒരു സ്ഥാപനത്തിൽ സിസ്റ്റം അഡ്മിനിസ്ട്രേഷനിലും കംപ്യൂട്ടറുമായി ബന്ധപ്പെട്ട മറ്റു ജോലികളിലുമുള്ള 3 വർഷത്തെ പരിചയം. |
| 13 | സീനിയർ ക്ളാർക്ക് | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | 1. അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദം<br>2. കംപ്യൂട്ടർ ആപ്ളിക്കേഷൻസിൽ പരിജ്ഞാനം | നിയമ ബിരുദം | അസിസ്റ്റന്റായി 2 വർഷത്തിൽ കുറയാത്ത പരിചയം |
| 14 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / സ്റ്റെനോ ടൈപ്പിസ്റ്റ് | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | 1. പ്ളസ്ടു<br>2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ളീഷ് (എച്ച്) & മലയാളം (എൽ), ഷോർട്ട്ഹാൻഡ് (ഇംഗ്ളീഷ് ലോവർ)<br>3. കംപ്യൂട്ടർ ആപ്ളിക്കേഷൻസിൽ പരിജ്ഞാനം | അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദം | |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 15 | ഡ്രൈവർ - കം - അറ്റൻഡർ | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | 1. 10-ാം ക്ലാസ് വിജയം<br>2. എൽ എം വി ഡ്രൈവിംഗ് ലൈസൻസ് | ഹെവിഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ് | ഡ്രൈവറായി 3 വർഷത്തെ പരിചയം |
| 16 | അറ്റൻഡർ | 1. നേരിട്ടുള്ള റിക്രൂട്ട്മെന്റ്<br>അല്ലെങ്കിൽ<br>2. ഡെപ്യൂട്ടേഷൻ | 1. 10-ാം ക്ലാസ് വിജയം | സൈക്ളിങ്ങും ഇരുചക്രവാഹന ഡ്രൈവിംഗ് ലൈസൻസും | |

കുറിപ്പ് :- (1) കമ്മീഷന്, എഴുതിരേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, പരിചയവുമായി ബന്ധപ്പെട്ട ആവശ്യകതകളിൽ ഇളവ് നൽകാവുന്നതാണ്.

കുറിപ്പ് :- (2) കമ്മീഷന്, ഏതെങ്കിലും തസ്തികയിലേക്ക് പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനാവശ്യമായ യോഗ്യതകളും പരിചയവുമുള്ള അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ, സേവനത്തിന്റെ അത്യാവശ്യങ്ങളിൽ, 10-ാം റഗുലേഷന്റെ (4)-ഉം (5)-ഉം ഉപറഗുലേഷനുകൾ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച്, അതതു സംഗതിപോലെ, സ്വയം അല്ലെങ്കിൽ കേരള പബ്ളിക് സർവീസ് കമ്മീഷന്റെ അഡ്വൈസിന്മേൽ നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേന അങ്ങനെയുള്ള തസ്തികകൾ നികത്താവുന്നതാണ്.

## പട്ടിക - III

### കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

### നിയമനാധികാരസ്ഥാനങ്ങൾ, ശിക്ഷണാധികാരസ്ഥാനങ്ങൾ, അപ്പീൽ / റിവ്യൂ അധികാരസ്ഥാനങ്ങൾ എന്നിവ

**[റഗുലേഷൻ 3(1) (i) -ഉം റഗുലേഷൻ 8-ഉം കാണുക]**

| ക്രമ നമ്പർ | തസ്തികയുടെ പേര് | നിയമനാധികാര സ്ഥാനം | ശിക്ഷണാധികാര സ്ഥാനം | അപ്പീലധികാര സ്ഥാനം / റിവ്യൂ അധികാരസ്ഥാനം |
|---|---|---|---|---|
| 1 | കമ്മീഷൻ സെക്രട്ടറി | കമ്മീഷൻ | കമ്മീഷൻ | കമ്മീഷൻ |
| 2 | ഡയറക്ടർ (ടെക്നിക്കൽ) | ചെയർമാൻ | കമ്മീഷൻ | കമ്മീഷൻ |
| 3 | ഡയറക്ടർ (ഫിനാൻസ്) | ചെയർമാൻ | കമ്മീഷൻ | കമ്മീഷൻ |
| 4 | ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 5 | ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 6 | അസിസ്റ്റന്റ് ഡയറക്ടർ (ടെക്നിക്കൽ) | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 7 | അസിസ്റ്റന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 8 | അസിസ്റ്റന്റ് ഡയറക്ടർ (നിയമം) | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 9 | ഓംബുഡ്സ്മാൻ സെക്രട്ടറി | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 10 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 11 | അക്കൗണ്ട്സ് ഓഫീസർ | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 12 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 13 | സീനിയർ ക്ളാർക്ക് | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |

| | | | | |
|---|---|---|---|---|
| 14 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / സ്റ്റെനോ ടൈപ്പിസ്റ്റ് | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 15 | ഡ്രൈവർ - കം - അറ്റൻഡർ | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |
| 16 | അറ്റൻഡർ | സെക്രട്ടറി | ചെയർമാൻ | കമ്മീഷൻ |

## പട്ടിക - IV

### കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

### നേരിട്ട് റിക്രൂട്ട് ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും വിനിർദ്ദേശിച്ചിട്ടുള്ള വകുപ്പുതലപരീക്ഷകൾ

(16-ാം റഗുലേഷൻ കാണുക)

| ക്രമ നമ്പർ | തസ്തികയുടെ പേര് | പ്രൊബേഷൻ ഡിക്ലെയർ ചെയ്യുന്നതിനുള്ള | പ്രൊമോഷന് പരിഗണിക്കുന്നതിനുള്ള |
|---|---|---|---|
| | | വകുപ്പുതലപരീക്ഷ | |
| 1 | അസിസ്റ്റന്റ് ഡയറക്ടർ (ടെക്നിക്കൽ) | ഓഫീസ്നടപടിക്രമം മാന്വൽ | 1. അക്കൗണ്ട്സ് ടെസ്റ്റ് (ലോവർ)<br>2. അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർക്കുള്ള വകുപ്പുതലപരീക്ഷ പേപ്പർ - I |
| 2 | അസിസ്റ്റന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | ഓഫീസ്നടപടിക്രമം മാന്വൽ | 1. അക്കൗണ്ട്സ് ടെസ്റ്റ് (ലോവർ)<br>2. അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർക്കുള്ള വകുപ്പുതലപരീക്ഷ പേപ്പർ - I |
| 3 | ഓംബുഡ്സ്മാൻ സെക്രട്ടറി | ഓഫീസ്നടപടിക്രമം മാന്വൽ | 1. അക്കൗണ്ട്സ് ടെസ്റ്റ് (ഹയർ) പാർട്ട് I & II<br>2. അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർക്കുള്ള വകുപ്പുതലപരീക്ഷ പേപ്പർ - I |

| | | | |
|---|---|---|---|
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ഓഫീസ്നടപടിക്രമം മാന്വൽ | 1. അക്കൗണ്ട്സ് ടെസ്റ്റ് (ഹയർ) പാർട്ട് I & II<br>2. അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർക്കുള്ള വകുപ്പുതലപരീക്ഷ പേപ്പർ - I |
| 5 | അക്കൗണ്ട്സ് ഓഫീസർ | ഓഫീസ്നടപടിക്രമം മാന്വൽ | 1. അക്കൗണ്ട്സ് ടെസ്റ്റ് (ഹയർ) പാർട്ട് I & II<br>2. അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർക്കുള്ള വകുപ്പുതലപരീക്ഷ പേപ്പർ - I |
| 6 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | ഓഫീസ്നടപടിക്രമം മാന്വൽ | 1. അക്കൗണ്ട്സ് ടെസ്റ്റ് (ഹയർ) പാർട്ട് I & II<br>2. അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർക്കുള്ള വകുപ്പുതലപരീക്ഷ പേപ്പർ - I |
| 7 | സീനിയർ ക്ളാർക്ക് | ഓഫീസ്നടപടിക്രമം മാന്വൽ | 1. അക്കൗണ്ട്സ് ടെസ്റ്റ് (ഹയർ) പാർട്ട് I & II<br>2. അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർക്കുള്ള വകുപ്പുതല പരീക്ഷ പേപ്പർ - I |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / സ്റ്റെനോ ടൈപ്പിസ്റ്റ് | ഓഫീസ്നടപടിക്രമം മാന്വൽ | അക്കൗണ്ട്സ് ടെസ്റ്റ് (ലോവർ) |

## പട്ടിക V

### കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

### ഫീഡർ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും പ്രൊമോഷനുള്ള അർഹതാമാനദണ്ഡങ്ങളും സർവീസ് ദൈർഘ്യവും

(17-ാം റഗുലേഷൻ കാണുക)

| ക്രമ നമ്പർ | പ്രൊമോഷൻ തസ്തിക | ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയിലുള്ള ഏറ്റവും കുറഞ്ഞ സർവീസ് ദൈർഘ്യം | അർഹതാമാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1 | ഡയറക്ടർ (ടെക്നിക്കൽ) | ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) | അഞ്ച് വർഷം | |
| 2 | ഡയറക്ടർ (ഫിനാൻസ്) | ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | ഏഴ് വർഷം | |
| 3 | ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | അസിസ്റ്റന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | പന്ത്രണ്ട് വർഷം | |
| 4 | ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) | അസിസ്റ്റന്റ് ഡയറക്ടർ (ടെക്നിക്കൽ) | ഏഴ് വർഷം | വകുപ്പുതലപരീക്ഷയിലെ വിജയം |
| 5 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | എട്ട് വർഷം | വകുപ്പുതലപരീക്ഷയിലെ വിജയം |
| 6 | അക്കൗണ്ട്സ് ഓഫീസർ | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | എട്ട് വർഷം | വകുപ്പുതലപരീക്ഷയിലെ വിജയം |

(ശരിത്തർജ്ജമ)

---

**കുറിപ്പ്:** ഈ മലയാള പരിഭാഷയും 2016 ഫെബ്രുവരി 15-ാം തീയതിയിലെ 373-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2016 ഫെബ്രുവരി 10-ാം തീയതിയിലെ നം. 875/അഡ്മിൻ./2014/കെഎസ്ഇആർസി(i) വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഇംഗ്ളീഷിലുള്ള Kerala State Electricity Regulatory Commission (Terms and Conditions of Service of Officers and other employees) Regulations, 2016-ഉം തമ്മിൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് കാരണമാകുന്നപക്ഷം പരാമർശിച്ച ഇംഗ്ളീഷിലുള്ള റഗുലേഷനുകൾ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.